REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 05-12-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- ഇന്ത്യാ സന്ദർശനത്തിനെത്തിയ റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ഇന്ന് കൂടിക്കാഴ്ച നടത്തും.
- റിസർവ് ബാങ്കിന്റെ ദ്വൈമാസ സാമ്പത്തിക നയം പ്രഖ്യാപിച്ചു.
- രാജ്യത്തെ പെൺകുട്ടികളുടെ വിദ്യാഭ്യാസ തുടർച്ച ഉറപ്പാക്കാൻ സ്കോളർഷിപ്പുകൾക്കായി കേന്ദ്ര ഗവൺമെന്റ് 1,827 കോടി രൂപ അനുവദിച്ചതായി കേന്ദ്ര മന്ത്രി അന്നപൂർണ ദേവി.
- കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാൻ MP മാർ ബാധ്യസ്ഥരാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ടുകളുറപ്പിക്കാൻ സ്ഥാനാർത്ഥികളും പ്രവർത്തകരും അരയും തലയും മുറുക്കി രംഗത്ത്.
- ഇന്ത്യ - ദക്ഷിണാഫ്രിക്ക മൂന്നാം ഏകദിന ക്രിക്കറ്റ് നാളെ വിശാഖപട്ടണത്ത് ആരംഭിക്കും.

## വാർത്തകൾ വിശദമായി

ഇന്ത്യാ സന്ദർശനത്തിനെത്തിയ റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ഇന്ന് കൂടിക്കാഴ്ച നടത്തും. ഉഭയകക്ഷി ബന്ധങ്ങളിലെ പുരോഗതി വിലയിരുത്തുന്ന ഇരു നേതാക്കളും പ്രാദേശിക ആഗോള വിഷയങ്ങൾ ചർച്ച ചെയ്യും. വ്യാപാരം, ആരോഗ്യ സുരക്ഷ, സമ്പദ് വ്യവസ്ഥ, വിദ്യാഭ്യാസം,

സംസ്കാരം, മാധ്യമം തുടങ്ങിയ മേഖലകളിൽ ഏതാനും കരാറുകളിൽ ഇന്ത്യയും റഷ്യയും ഒപ്പുവെച്ചേക്കുമെന്നാണ് സൂചന. 23-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാൻ ഇന്നലെ വൈകിട്ടാണ് അദ്ദേഹംഡൽഹിയിലെത്തിയത്.

വൈകിട്ട് വ്ലാഡിമിർ പുടിനായി, രാഷ്ട്രപതി അത്താഴ വിരുന്ന് ഒരുക്കിയിട്ടുണ്ട്.

✪✪✪

റഷ്യയുമായി കൂടുതൽ സന്തുലിതവും, പ്രയോജനകരവുമായ വ്യാപാരം വളർത്തിയെടുക്കുക എന്ന കാര്യത്തിലാണ് ഇന്ത്യയുടെ പൊതുവായ ശ്രദ്ധയെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. ഇന്ത്യ - റഷ്യ വ്യാപാരം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചതായും, ഇത് 70 ബില്യൺ ഡോളറിന് അടുത്തെത്തിയതായും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു.

എന്നാൽ രണ്ടു രാജ്യങ്ങളും അനന്തമായ സാധ്യതകൾ ഇനിയും ഉപയോഗപ്പെടുത്തിയിട്ടില്ലെന്നും പിയൂഷ് ഗോയൽ വ്യക്തമാക്കി.

✪✪✪

റിസർവ് ബാങ്കിന്റെ ദ്വൈമാസ സാമ്പത്തിക നയം പ്രഖ്യാപിച്ചു. റിപ്പോ നിരക്ക് അഞ്ചര ശതമാനത്തിൽ നിന്ന് അഞ്ചേ കാൽ ശതമാനമാക്കി കുറച്ചതായി RBI ഗവർണർ സഞ്ജയ് മൽഹോത്ര അറിയിച്ചു. ഈ സാമ്പത്തിക വർഷത്തെ GDP വളർച്ചാ നിരക്ക് 6.8 ശതമാനത്തിൽ നിന്ന് 7.3 ആയി ഉയരുമെന്ന് അദ്ദേഹം പറഞ്ഞു.

രാജ്യത്തെ പണപ്പെരുപ്പം ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്നും, നേരത്തെ കണക്കാക്കിയിരുന്ന 2.6 ശതമാനത്തിൽ നിന്ന് ഇത് രണ്ട് ശതമാനമാകുമെന്നും RBI ഗവർണർ പറഞ്ഞു.

✪✪✪

രാജ്യത്തെ പെൺകുട്ടികളുടെ വിദ്യാഭ്യാസ തുടർച്ച ഉറപ്പാക്കാൻ സ്കോളർഷിപ്പുകൾക്കായി കേന്ദ്ര ഗവൺമെന്റ് 1,827 കോടി രൂപ അനുവദിച്ചതായി കേന്ദ്ര മന്ത്രി അന്നപൂർണ ദേവി പറഞ്ഞു. ന്യൂഡൽഹിയിൽ ബാലവിവാഹ മുക്ത ഭാരതത്തിന് നൂറ് ദിവസത്തെ ബോധവത്ക്കരണ പ്രചാരണ പരിപാടിയുടെ രണ്ടാം പതിപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

രാജ്യത്തെ പെൺകുട്ടികൾ വിദ്യാഭ്യാസ - തൊഴിൽ മേഖലയിൽ ആഗോളരംഗത്തു തന്നെ മികവു പുലർത്തുന്നുണ്ടെന്നും, തൊഴിൽ ശക്തിയുടെ 43 ശതമാനം പെൺകുട്ടികളാണെന്നും അന്നപൂർണ ദേവി അറിയിച്ചു. ബാല വിവാഹം നിയമ ലംഘനവും, ധാർമ്മിക അനീതിയുമാണെന്നും സംസ്ഥാനങ്ങൾ ബാലവിവാഹ മുക്ത ഭാരത പ്രവർത്തനങ്ങൾ തുടരണമെന്നും കേന്ദ്രമന്ത്രി ആവശ്യപ്പെട്ടു.

✪✪✪

രാജ്യത്ത് മൊബൈൽ ഫോണുകളും കമ്പ്യൂട്ടറുകളും ഉപയോഗിച്ച് നടത്തുന്ന കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരികയാണെന്ന് ദേശീയ ക്രൈം റെക്കോർഡ് ബ്യൂറോ റിപ്പോർട്ട്. 2021-നെ അപേക്ഷിച്ച് 2023-ൽ 33,000-ത്തിലധികം കേസുകൾ വർദ്ധിച്ചു. 2023 കഴിയുമ്പോഴേക്കും കേസുകൾ 86,000-ത്തിൽ അധികമായതായി ക്രൈം റെക്കോർഡ് ബ്യൂറോയുടെ റിപ്പോർട്ട് ആധാരമാക്കി ആഭ്യന്തര സഹമന്ത്രി ബന്തി സഞ്ജയ് കുമാർ രാജ്യസഭയിൽ പറഞ്ഞു.

✪✪✪

കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാൻ MP മാർ ബാധ്യസ്ഥരാണെന്നും, അതിന്റെ ഭാഗമായാണ് ജോൺ ബ്രിട്ടാസ് കേന്ദ്രമന്ത്രിമാരുമായി ഇടപെടൽ നടത്തിയതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. MP യുടെ ഉത്തരവാദിത്വമാണ് അദ്ദേഹം നിറവേറ്റിയതെന്നും മുഖ്യമന്ത്രി കൊച്ചിയിൽ പറഞ്ഞു.

രാഹുൽ മാങ്കൂട്ടത്തിലിനെ പിടികൂടാൻ പൊലീസ് ശ്രമിക്കുന്നുണ്ടെന്നും പൊലീസ് നടപടി ഫലപ്രദമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. പൊതുപ്രവർത്തകന് ചേരാത്ത വൈകൃതങ്ങളാണ് MLA യുടെ ഭാഗത്ത് നിന്ന് ഉണ്ടായതെന്നും അദ്ദേഹം മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി.

ദേവസ്വം ബോർഡ് ചെയർമാനും, ബോർഡ് അംഗങ്ങളും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടെന്ന റിപ്പോർട്ടുകൾ ശരിയല്ലെന്ന് മുഖ്യമന്ത്രി അറിയിച്ചു. ഡോ. K ജയകുമാർ നിഷ്പക്ഷ നിലപാടോടെ കാര്യങ്ങൾ നിർവഹിക്കാൻ പ്രാപ്തനാണെന്നും അദ്ദേഹം പറഞ്ഞു. പശ്ചാത്തല വികസന സൗകര്യങ്ങൾ നിറവേറ്റാൻ വേണ്ടി രൂപീകരിച്ച കിഫ്ബി അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൃത്യമായി നിർവഹിക്കുന്നുണ്ടെന്നും, അതിനെതിരായ ആരോപണങ്ങൾ അടിസ്ഥാന രഹിതമാണെന്നും മുഖ്യമന്ത്രി ചോദ്യങ്ങൾക്ക് മറുപടി നൽകി.

ജമാ അത്തെ ഇസ്‌ലാമിയുമായി UDF ഉം കോൺഗ്രസും നിയമസഭാ തിരഞ്ഞെടുപ്പിൽ അവിശുദ്ധ സഖ്യമുണ്ടാക്കാനാണ് നീക്കമെന്നും, ഇത് ആശാസ്യമല്ലെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. സംസ്ഥാനത്തെ മുസ്ലീം സംഘടനകളിൽ നിന്ന് വ്യത്യസ്തമായാണ് ജമാ അത്തെ ഇസ്ലാമിയുടെ വർഗ്ഗീയ നിലപാടുകളെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൽ 98.58 ശതമാനം പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കാസർകോട് ജില്ല സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനത്തെത്തി. പത്തു ലക്ഷത്തി 62,981 എന്യൂമറേഷൻ ഫോമുകൾ ഡിജിറ്റൈസ് ചെയ്താണ് കാസർകോട് ജില്ല നേട്ടം കൈവരിച്ചത്. 98.53 ശതമാനം പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ വയനാട് ജില്ലയാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടത്തിലെ പരസ്യ പ്രചാരണത്തിന് മൂന്നു ദിവസം ശേഷിക്കെ വോട്ടുകളുറപ്പിക്കാൻ സ്ഥാനാർത്ഥികളും പ്രവർത്തകരും അരയും തലയും മുറുക്കി രംഗത്ത്. ഗ്രാമ-നഗര വ്യത്യാസമില്ലാതെ പ്രചാരണത്തിന് തയ്യാറെടുക്കുകയാണ് പാർട്ടികൾ. പാരഡി ഗാനങ്ങളും പ്രൊഫഷനലുകളെ ഉപയോഗിച്ച് റെക്കോർഡ് ചെയ്ത ശബ്ദവുമായാണ് വോട്ടർമാരുടെ മനസ്സ് കീഴടക്കാൻ ഒരുങ്ങുന്നത്.

തിരുവനന്തപുരം മുതൽ എറണാകുളം വരെ ഏഴ് ജില്ലകളിലാണ് ആദ്യ ഘട്ടത്തിൽ ഈ മാസം ഒമ്പതിന് വോട്ടെടുപ്പ്. തൃശൂർ മുതൽ കാസർകോട് വരെ ജില്ലകളിൽ 11-നാണ് വോട്ടെടുപ്പ്.

✪✪✪

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് K ജയകുമാറിനെ അയോഗ്യനാക്കണമെന്ന് ആവശ്യപ്പെട്ട് B.അശോക് IAS തിരുവനന്തപുരം ജില്ലാ കോടതിയിൽ ഹർജി നൽകി. ഗവൺമെന്റ് പദവിയിലിരിക്കെ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റായത് ചട്ടവിരുദ്ധമാണെന്ന് ആരോപിച്ചാണ് ഹർജി.

IMG ഡയറക്ടർ ചുമതല ഒഴിയുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് K ജയകുമാർ അറിയിച്ചു. പദവിയിൽ തുടരുന്നത് പകരക്കാരൻ വരുന്നതു വരെയാണെന്നും, സംസ്ഥാന ഗവൺമെന്റ്

പുതിയ ഒരാളെ നിയമിക്കുമെന്ന് അറിയിച്ചിരുന്നതായും ജയകുമാർ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക മൂന്നാം ഏകദിന ക്രിക്കറ്റ് നാളെ വിശാഖപട്ടണത്ത് ഉച്ചയ്ക്ക് ഒന്നരയ്ക്ക് ആരംഭിക്കും. ഇരു ടീമുകളും ഓരോ മത്സരം ജയിച്ച്, സമനില പാലിക്കുന്നതിനാൽ നാളത്തെ മത്സരം നിർണായകമാണ്.

✪✪✪

സൂപ്പർലീഗ് കേരള ഫുട്ബോളിലെ ആദ്യസെമിയിൽ മറ്റന്നാൾ തൃശൂർ മാജിക് FC, മലപ്പുറത്തെ നേരിടും. രണ്ടാം സെമിയിൽ ഈ മാസം പത്തിന് കാലിക്കറ്റ് FC, കണ്ണൂർ വാരിയേഴ്സിനേയും നേരിടും. ഡിസംബർ 14-ന് കോഴിക്കോട്ടാണ് ഫൈനൽ മത്സരം.

✪✪✪

ജൂനിയർ ഹോക്കി പുരുഷ ലോകകപ്പ് ക്വാർട്ടറിൽ ഇന്ത്യ ഇന്ന് ബെൽജിയത്തെ നേരിടും. രാത്രി എട്ടിന് ചെന്നൈയിലാണ് മത്സരം.

✪✪✪

ശബരിമല സ്വർണക്കൊള്ള സംഭവത്തിൽ ED, കൊല്ലം വിജിലൻസ് കോടതിയിൽ അപേക്ഷ സമർപ്പിച്ചു. കേസിൽ രജിസ്റ്റർ ചെയ്ത FIR ന്റെ പകർപ്പും മൊഴികളും, കൈമാറണമെന്ന് ആവശ്യപ്പെട്ടാണ് അപേക്ഷ.

കള്ളപ്പണ വിഷയം അന്വേഷിക്കുന്നത് ഹൈക്കോടതി വിലക്കിയിട്ടില്ലെന്ന് ദേവസ്വം ബെഞ്ച് വ്യക്തമാക്കിയതോടെയാണ് ED യുടെ നീക്കം. മുൻ തിരുവാഭരണം കമ്മീഷണർ KS ബൈജുവിന്റെ റിമാൻഡ് കാലാവധി നീട്ടാൻ വിജിലൻസ് അദ്ദേഹത്തെ കോടതിയിൽ ഹാജരാക്കി.

✪✪✪

സ്വർണ്ണവില പവന് 200 രൂപ കൂടി 95,280 ലെത്തി. 11,910 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

കേരള പത്രപ്രവർത്തക യൂണിയൻ മുൻ സംസ്ഥാന ജനറൽ സെക്രട്ടറി S ജയശങ്കർ തിരുവനന്തപുരത്ത് അന്തരിച്ചു. 75 വയസ്സായിരുന്നു.

ജഗതിയിലെ ഉള്ളൂർ സ്മാരകം സെക്രട്ടറിയായിരുന്നു. കേരള കൗമുദി പത്രാധിപ സമിതി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. സംസ്കാരം വൈകിട്ട് തിരുവനന്തപുരം തൈക്കാട് ശാന്തികവാടത്തിൽ നടത്തും.

ജയശങ്കറിന്റെ നിര്യാണത്തിൽ കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന കമ്മിറ്റി അനുശോചിച്ചു.

✪✪✪

മൂന്നാർ നല്ലതണ്ണിയിൽ ബൈക്ക് മാറ്റി വെയ്ക്കുന്നതിനിടെ താഴ്ചയിലേക്ക്, കാൽ വഴുതി വീണ്, യുവാവ് മരിച്ചു. മൂന്നാർ സ്വദേശി ആന്റണിയാണ് മരിച്ചത്. ഇന്നലെ രാത്രിയായിരുന്നു അപകടം.

✪✪✪

തൃശ്ശൂരിൽ, സ്കൂട്ടറിൽ കാറിടിച്ച് സ്ഥാനാർത്ഥിക്ക് പരിക്കേറ്റു. മാള പഞ്ചായത്തിലെ സ്ഥാനാർത്ഥിക്കാണ് പരിക്കേറ്റത്.

✪✪✪

ഇടുക്കി രാമക്കൽമേട്ടിൽ തൊഴിലാളികളുമായി പോകുകയായിരുന്ന ജീപ്പ് മറിഞ്ഞ് അഞ്ചു പേർക്ക് പരിക്കേറ്റു. കമ്പംമെട്ട് - വണ്ണപ്പുറം സംസ്ഥാന പാതയിൽ രാവിലെയായിരുന്നു അപകടം.

✪✪✪

കോഴിക്കോട് താമരശ്ശേരി ചുരത്തിൽ ഗതാഗത നിയന്ത്രണം തുടരുന്നു. എട്ടാം വളവിൽ മുറിച്ചിട്ട മരങ്ങൾ ക്രെയിൻ ഉപയോഗിച്ച് മാറ്റുന്നതുകൊണ്ട് വൈകിട്ട് ആറ് വരെ മൾട്ടി ആക്സിൽ വാഹനങ്ങൾ കടത്തിവിടില്ല. നാടുകാണി, കുറ്റ്യാടി ചുരങ്ങൾ വഴി, അവ തിരിച്ചു വിടും. ചെറു വാഹനങ്ങൾ ഇടവിട്ട സമയങ്ങളിൽ മാത്രമാണ് ചുരം വഴി കടത്തിവിടുന്നത്.

✪✪✪

നിലമ്പൂർ - ഷൊർണ്ണൂർ മെമു ട്രയിനിന് തുവ്വൂരിൽ സ്റ്റോപ്പ് അനുവദിച്ചു. റെയിൽവെ മന്ത്രി അശ്വനി വൈഷ്ണവിന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ നിൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി.

✪✪✪

ചലച്ചിത്ര അക്കാദമി തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന 30-ാമത് രാജ്യാന്തര ചലച്ചിത്രോത്സവത്തിൽ ഋത്വിക് ഘട്ടക്കിന്റെ മികച്ച നാല് ചിത്രങ്ങൾ പ്രദർശിപ്പിക്കും. അദ്ദേഹത്തിന്റ ജന്മശതാബ്ദിയോട് അനുബന്ധിച്ച് വിഖ്യാതമായ വിഭജനത്രയ ചിത്രങ്ങൾ ഇവയിൽ ഉൾപ്പെടുത്തും.

മേളയുടെ മുഖ്യ വേദിയായ ടാഗോർ തിയേറ്റർ പരിസരത്ത് ഘട്ടക്കിന് സ്മരണാഞ്ജലിയായി പ്രദർശനവും സംഘടിപ്പിക്കും. ഈ മാസം 12 മുതൽ 19 വരെയാണ് കേരള രാജ്യാന്തര ചലച്ചിത്രമേള.

✪✪✪

തിരുവനന്തപുരത്തേക്ക് തിരിച്ചുവിട്ട ദോഹ - കൊച്ചി എയർഇന്ത്യ എക്സ്പ്രസ് വിമാനം കൊച്ചിയിലേക്ക് മടങ്ങി. മോശം കാലാവസ്ഥയെ തുടർന്നാണ് കൊച്ചിയിൽ ഇറക്കാതെ വിമാനം, രാവിലെ തിരുവനന്തപുരത്തേക്ക് തിരിച്ചു വിട്ടത്.

✪✪✪

കാസർകോട്, കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലകളിലും കർണാടക അതിർത്തി ജില്ലകളിലും ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ സർവെയുടെ ഭാഗമായി വിമാനങ്ങൾ ഡിസംബർ 12 മുതൽ ഫെബ്രുവരി 15 വരെ താഴ്ന്നു പറന്നേക്കും. ഭൂമിയുടെ അടിത്തട്ടിലെ ധാതു നിക്ഷേപം കണ്ടെത്താനാണ് വിമാന സർവ്വെ നടത്തുന്നത്.

✪✪✪

---

.

*News Editor: വി കെ സുരേഷ്*
*News Reader:അനുഷ ആത്മപ്രകാശ്*
*NRTs: അനിൽ ചന്ദ്രൻ*
*DEO: ഷീബ*